# മായം വില്ക്കാനുണ്ട്

മായമില്ലാത്ത ഒന്നുമില്ല. ഭക്ഷിക്കുന്ന ആഹാരം, ശ്വസിക്കുന്ന വായു, ഔഷധങ്ങൾ എന്നുവേണ്ട എല്ലാറ്റിലും മായം. അരി, പയർ, കടല മുതലായ ധാന്യങ്ങളിൽ തൂക്കം കൂട്ടാൻവേണ്ടി അതാതിന്റെ നിറത്തിലും രൂപത്തിലുമുള്ള പാറക്കഷണങ്ങൾ സർവ്വസാധാരണമായി കാണാം. എണ്ണകളുടെ സ്ഥിതിയെടുത്താലും സ്ഥിതി തഥൈവ. അവയിൽ കലർപ്പുകളുടെ ഒരു മത്സരമാണ്.

രോഗികൾ വലിയ വില കൊടുത്ത് വാങ്ങി ഉപയോഗിക്കുന്ന മരുന്നുകളിൽപോലും മായം. പല വിറ്റാമിൻ ക്യാപ്സൂളുകളും ചാണകപ്പൊടിയും മഞ്ഞൾപ്പൊടിയും ചേർത്തു നിർമ്മിച്ചവയാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ആയുർവേദ മരുന്നുകൾക്ക് ഉപയോഗിക്കുന്ന വേരുകൾ പലതും ശരിയായ ഔഷധച്ചെടിയുടെ വേരുകളല്ല.

കൂവപ്പൊടിപോലുള്ള പൊടികളും മായം കലർന്നതാണ്. മനുഷ്യജീവനെപ്പറ്റി യാതൊരു ചിന്തയുമില്ലാതെ എന്തു ദ്രോഹം ചെയ്തും പണമുണ്ടാക്കുക എന്ന ലക്ഷ്യമേ ഇന്നുള്ളൂ.

പച്ചക്കറികളും കോഴിമുട്ടകളുമെല്ലാം ഇന്ന് ഈ മായത്തിനതീതമല്ല. അമോണിയ കുത്തിവച്ച വാഴക്കുലകളും പാവയ്ക്കയും വാണിഭച്ചന്തകളിൽ ആകർഷകമായി വിറ്റഴിക്കപ്പെടുന്നു. ഈ സ്ഥിതി മാറാനെന്താണു വഴിയെന്ന് നാം ഉറക്കെ ചിന്തിക്കേണ്ടിയിരിക്കുന്നു. ആത്മാർത്ഥത ഇന്നൊരു കടംകഥയാണല്ലോ. വഞ്ചനയും ചതിയും കൊടികുത്തി വാഴുകയാണ്. നിയമങ്ങൾ അനുസരിക്കാൻ മനുഷ്യർ തയ്യാറല്ലെന്ന് സമീപകാല സംഭവങ്ങൾ സൂചിപ്പിക്കുന്നു. പക്ഷേ, കർശനമായ ശിക്ഷാനിയമങ്ങൾ വഴി ഇതിനൊക്കെ കുറേ തടയിടാൻ കഴിഞ്ഞേക്കും. ഭക്ഷണപാനീയങ്ങളിലും നിത്യോപയോഗ സാധനങ്ങളിലും മായം കലർത്തുന്ന ദുഷ്ടശക്തികൾക്കെതിരെ മാതൃകാപരമായ കടുത്ത ശിക്ഷ നല്കേണ്ടതാണ്.

പുരുഷൻ ചെറുകുന്ന്

# പോളിയോ തുള്ളിമരുന്ന് അപകടകരം!

പോളിയോ നിയന്ത്രണത്തിനായി തുള്ളിമരുന്ന് ഉപയോഗിക്കുന്നത് നല്ലതാണെന്നു ശുപാർശ ചെയ്ത അമേരിക്കൻ പീഡിയാട്രിക്സ് അക്കാദമി ഇപ്പോൾ തങ്ങളുടെ മുന്നഭിപ്രായം തെറ്റായിരുന്നുവെന്ന പ്രസ്താവനയുമായി രംഗത്തുവന്നിരിക്കുന്നു.

പോളിയോ ഉണ്ടാക്കുന്ന വൈറസുകൾ തുള്ളിമരുന്നിൽ ജീവനോടെ നിലനിൽക്കുന്നു എന്നതിനാൽ അത് അപകടമാണെന്നാണ് ഇപ്പോൾ അക്കാദമി പറയുന്നത്.

ജനുവരി ഒന്നുമുതൽ പോളിയോ തുള്ളിമരുന്നിന്റെ ഉപയോഗം വേണ്ടെന്നു വെയ്ക്കാൻ അക്കാദമി ഡോക്ടർമാരോട് നിർദേശിച്ചിട്ടുമുണ്ട്.